2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) 2016-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിലും അതിനുശേഷം 18-ാം തീയതി നടത്തിയ മറുപടിയിലുമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ഫിനാൻസ് ബിൽ. സ്വർണ്ണത്തിന്റെ നികുതി സംബന്ധിച്ച് എല്ലാവരുമായും ചർച്ച ചെയ്ത് ഒരു ഭേദഗതി കൊണ്ടുവരുമെന്ന് അന്ന് പറഞ്ഞിരുന്നു. ആ ചർച്ച നടത്താൻ സാധിക്കാതിരുന്നതുകൊണ്ട് ബില്ലിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അതുംകൂടി ഇപ്പോൾ പ്രഖ്യാപിക്കുകയാണ്. ടേണോവറിന്മേൽ 1.50 ശതമാനം നികുതി, അല്ലെങ്കിൽ 2015-16 വർഷത്തിൽ അടച്ച ടാക്സ് 5 കൊല്ലം തുടർച്ചയായി കോമ്പൗണ്ട് ചെയ്തിട്ടുള്ളവർക്ക് അങ്ങനെയൊരു ആനുകൂല്യം നൽകുകയാണ്. 2016-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. .....(ബഹളം)..... സഭ നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ സഭ അൽപ്പസമയം നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 10.53-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു)

11.57 AM]

(രാവിലെ 10.53-ന് നിർത്തിവച്ച സഭ 11.57-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: സഭ നിർത്തിവച്ചതിനുശേഷം ഇരുഭാഗവുമായി ചെയർ സംസാരിച്ചു. സഭാസമ്മേളനം നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തേയും സഹകരണം ചെയർ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ബിസിനസ്സ് പൂർത്തിയാക്കേണ്ടതുണ്ട്, ബിസിനസ്സ് പൂർത്തിയാക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതിനെല്ലാവരും സഹകരിക്കണം. ചെയർ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

XI മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 25-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സഭാസമ്മേളനം ചേരേണ്ടതില്ലെന്നും, ഫെബ്രുവരി 25-ന് നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ പരിഗണന ഇന്ന്, ഫെബ്രുവരി 24-ാം തീയതി തീരുമാനിച്ചിട്ടുള്ള ബിസിനസ്സുകൾ പൂർത്തീകരിച്ച ശേഷം പരിഗണനയ്ക്ക് എടുക്കണമെന്നും ഇന്ന് ഉച്ചയ്ക്കശേഷം 1.30 മുതൽ 3.00 മണി വരെ നൽകിയിരുന്ന ഇടവേള വേണ്ടെന്ന് വയ്ക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയുവാൻ ആഭ്യന്തര വകുപ്പുമന്ത്രിയെ ക്ഷണിച്ചതനുസരിച്ച് അദ്ദേഹം അടിയന്തരപ്രമേയത്തിന്റെ കാര്യമില്ലായ്മയെ സംബന്ധിച്ച് വിശദമായും, വാചാലമായും സംസാരിച്ചപ്പോൾ പ്രതിപക്ഷത്തുനിന്നും യാതൊരു ശബ്ദവും ഉണ്ടായില്ല. അതേസമയം പ്രതിപക്ഷനേതാവ് സംസാരിക്കുവാൻ എഴുന്നേറ്റപ്പോൾ സംസാരിക്കുവാൻ അനുവദിക്കാത്തവിധത്തിൽ ബഹളം വയ്ക്കുകയാണ്. ഇങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറെ അംഗീകരിക്കാത്ത, വകവയ്ക്കാത്ത ഭരണകക്ഷിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി.)

LIBRARY ARCHIVES Kerala Legislative Assembly